**വക്കം മൗലവി 1918 ൽ പ്രസിദ്ധീകരിച്ച ' അൽ ഇസ്‌ലാം' മാസിക ഒറ്റവാല്യത്തിന്റെ പുന:പ്രകാശന ചടങ്ങിൽ ശ്രീ. ഇ. എം. നജീബ് (പ്രസിഡന്റ്, തിരുവനന്തപുരം മുസലിം അസോസിയേഷൻ) പ്രസംഗിക്കുന്നു.**

ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ ശ്രീ രാമകൃഷ്ണൻ അവർകൾ, ബഹുമാന്യനായ ശ്രീ വി.കെ.ദാമോദരൻ സർ, എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ.എം.ആർ.തമ്പാൻ, ശ്രീമതി മീനാ കരീം ശ്രീ.കായംകുളം യൂനുസ്, ശ്രീ.സുഹൈർ ബഹുമാന്യരായ അതിഥികളെ സുഹൃത്തുക്കളെ.

വളരെ വിശിഷ്ടമായ ഒരു ചടങ്ങിൽ വളരെ പ്രസക്തമായ ഒരു പ്രസംഗമാണ് നമ്മൾ സ്പീക്കറിൽ നിന്നും കേട്ടത്. നവോത്ഥാന കാലഘട്ടങ്ങളിലെ വ്യത്യസ്തങ്ങളായ രീതികളും വളരെ പോരാട്ടങ്ങളും അതിന്റെ കഥകളും ആണ് അദ്ദേഹം നമ്മളെ പറഞ്ഞ ധരിപ്പിച്ചത്. അതിന് ശ്രീ. വക്കം മൗലവിയെ പോലുള്ള പ്രഗത്ഭരായ ആൾക്കാർ നൽകിയ നേതൃത്വത്തെപ്പറ്റിയും അവരുടെ സംഭാവനകളെപ്പറ്റിയും അദ്ദേഹം നമ്മെ ധരിപ്പിച്ചു കഴിഞ്ഞു. ഈ പുസ്തകം എനിക്ക് ഇപ്പോഴാണ് കിട്ടിയത്. ആദ്യമേ തന്നെ ഈ പുസ്തകം ബഹുമാന്യനായ സ്പീക്കറിൽ നിന്ന് ഏറ്റു വാങ്ങാൻ എന്നെ ക്ഷണിച്ചത്തിനുള്ള നന്ദിയും, അത് സ്വീകരിക്കുന്നതിന് എന്നെ തിരഞ്ഞെടുത്തത്തിനുള്ള നന്ദിയും രണ്ടും അറിയിച്ചുകൊണ്ട് ഞാൻ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചതായി പ്രഖ്യാപിക്കുന്നു.

ഈ പുസ്തകത്തിന്റെ താളുകളിലൂടെ ഞാൻ ഇങ്ങനെ കടന്നു പോയപ്പോൾ 1918 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 5 ലക്കങ്ങളിലായി നടത്തിയ അൽ ഇസ്ലാം എന്ന പബ്ലിക്കേഷനിൽ വന്ന വിവിധങ്ങളായ ലേഖനങ്ങളാണ് ഇതിലെ പ്രതിപാദ്യം. ഓടിച്ചു വായിച്ചു നോക്കുമ്പോൾ ഒന്ന് അതുമായി ബന്ധപ്പെട്ടു അതിനകത്ത് നടത്തിയിട്ടുള്ള ഓരോ തലക്കെട്ടുകളും ഇന്നത്തെ കാലഘട്ടത്തിൽ പോലും ഏറ്റവും പ്രസക്തമാണ് എന്നാണെനിക്ക് തോന്നിയത്.

വളരെ പ്രധാനപെട്ട സബ്ജെക്ട്സ് പ്രത്യേകിച്ച് മുസ്‌ലിം സമുദായത്തിൽ അന്ന് നിലനിന്നിരുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മാറ്റിയാൽ മാത്രമേ ആ സമുദായത്തിനു മുന്നോട്ടു പോകാനുള്ള വിജയം കൈവരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് തീർച്ചയായും ഈ പബ്ലിക്കേഷൻസ് ആരംഭിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കാം. പരിശുദ്ധ ഖുറാനിൽ ഈ പറഞ്ഞിരിക്കുന്ന ജീവിതരീതികൾ അതിന് വിശുദ്ധമായ വ്യഖ്യാനങ്ങളോട് കൂടി നമ്മൾ സമൂഹത്തിൽ വരുത്തേണ്ട പ്രത്യേകമായ, സ്വഭാവ സംസ്കാരത്തോട് കൂടി, സ്ത്രീകൾക്ക് നൽകേണ്ട പ്രാധാന്യത്തോടുകൂടി, നമ്മൾ അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പറ്റി, നമ്മൾ

നിലനിർത്തേണ്ട സൗഹൃദത്തെപ്പറ്റി, മതസൗഹാർദ്ദത്തെപ്പറ്റി ഒക്കെ തന്നെ വളരെ നല്ല രീതിയിലുള്ള ലേഖനങ്ങളാണ് ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്, തീർച്ചയായും ഇത് 1918 അതായത് 19 നൂറ്റണ്ടിന്റെ ആദ്യ കാലഘട്ടത്തിൽ ഇങ്ങനെ ഒരു പബ്ലിക്കേഷൻ നടത്തി എന്നുള്ളത് തന്നെ ഏറ്റവും അത്ഭുതകരമായ ഒരു കാര്യമായി നമ്മൾ കാണേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് പോലെ ഒരുപാട് പോരാട്ടങ്ങൾ, പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, പ്രതിബന്ധങ്ങൾ, പ്രതിസന്ധികൾ ഒക്കെ തരണം ചെയ്തുകൊണ്ട് ആ കാലഘട്ടത്തിൽ പോലും ഈ പ്രസിദ്ധീകരണത്തെപ്പറ്റി മോശമായുള്ള ലേഖനങ്ങൾ മറ്റുള്ളവർ എഴുതിയപ്പോൾ അതും ഇതിനകത്ത് കോട്ട് ചെയ്തു പറഞ്ഞിട്ടുണ്ട്. അതു ഉൾപ്പെടെയുള്ള പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് ഇങ്ങനെ ഒരു പുസ്തകം ഇറക്കിയത് ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ വളരെയധികം അഭിമാനം നൽകുന്നു. തീർച്ചയായും എല്ലാവരും ഈ പുസ്തകം വാങ്ങി വായിക്കേണ്ടതാണ്. വക്കം മൗലവി ഫൗണ്ടേഷൻ ഒരു മുൻകൈ എടുത്തു ഇതെല്ലാം സ്വരുക്കൂട്ടി പബ്ലിഷ് ചെയ്തത് വലിയ ഒരു കാര്യമായി ഞാൻ കാണുന്നു. അവരെ ഞാൻ അതിനു പ്രത്യേകമായി അഭിനന്ദിക്കുന്നു. എല്ലാ വിധ ആശംസകളും നേർന്നുകൊണ്ട് വക്കം മൗലവി ഫൗണ്ടഷന്റെ പ്രവർത്തങ്ങൾ വളരെ സസൂക്ഷ്മം നിരീക്ഷിക്കുകയും ഈ പ്രവർത്തങ്ങളുമായി അടുത്ത് പ്രവർത്തിക്കുകയും ചെയ്ത ഒരാളെന്ന നിലയിൽ തീർച്ചയായും ശ്രീ സുഹൈറിനേയും ശ്രീ.കായംകുളം യൂനുസിനെയും ഇതിന്റെ പ്രസിഡന്റ് വി.കെ.ദാമോദരൻ സാറിനെയും ഡയറക്ടർ സബീൻ ഇഖ്ബാലിനെയും മറ്റെല്ലാവരെയും അഭിനന്ദിച്ചു കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

VAKKOM MOULAVI FOUNDATION TRUST
KNOWLEDGE IS POWER